കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

നം.100/ജെ2/2017/പൊവിവ തിരുവനന്തപുരം, തീയതി 11-09-2018

## സർക്കുലർ

വിഷയം:- പൊവിവ- 2006-07 മുതൽ 28-01-2016 വരെ അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾ - ജി.ഒ (പി) നം. 10/10/പൊവിവ തീയതി 12-1-2010 ഉത്തരവിന്റെ വെളിച്ചത്തിൽ സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:-1. സ.ഉ (പി) നം.178/2002/പൊ.വി.വ തീയതി 28-06-2002.
2. സ.ഉ (പി) നം.317/2005/പൊ.വി.വ തീയതി 15-08-2005.
3. സ.ഉ (പി) നം.46/2006/പൊ.വി.വ തീയതി 01-02-2006.
4. സ.ഉ (പി) നം.10/2010/പൊ.വി.വ തീയതി 12-01-2010.
5. സ.ഉ (പി) നം.199/2011/പൊ.വി.വ തീയതി 01-06-2011.
6. സർക്കാർ കത്ത് നം. 60930/ജെ2/2011/പൊ.വി.വ തീയതി 25-10-2011.
7. സ.ഉ (പി) നം.213/2015/പൊ.വി.വ തീയതി 6-08-2015.
8. സ.ഉ (പി) നം.199/2016/പൊ.വി.വ തീയതി 31-12-2016

സൂചന (1), (2), (3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സൂചന (4) പ്രകാരം ചില നിബന്ധനകളോടെ പിൻവലിക്കുകയുണ്ടായി. ഇത് പ്രകാരം 2006-07 മുതൽ നിയനമനനിരോധനം നിലനിന്നിരുന്ന കാലത്ത്, സർക്കാർ ഉത്തരവുകൾ അവഗണിച്ച് മാനേജർമാർ നടത്തിയ നിയമനങ്ങൾ "ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ച് കൊള്ളാമെന്ന്" വ്യവസ്ഥയടങ്ങുന്ന ബോണ്ട് വച്ച്കൊണ്ട് അംഗീകാരം നല്കാമെന്ന് തീരുമാനമായി. എന്നാൽ യഥേഷ്ടം നിയമനങ്ങൾ നടത്തുകയും, മാനേജർമാർ ബോണ്ട് വയ്ക്കാതിരിക്കുകയും ചെയ്തത് കൊണ്ട് നിയമനാംഗീകാരം ലഭിക്കാത്ത 3361 പേരുടെ നിയമനങ്ങൾ പിന്നീട് സൂചന (5) പ്രകാരം അദ്ധ്യാപക പാക്കേജിന്റെ പരിധിയിൽപ്പെടുത്തി 01-06-2011 മുതൽ അംഗീകരിക്കപ്പെട്ടു. സൂചന (5) ഉത്തരവ് പുറപ്പെടുവിച്ചതോടെ സൂചന (1), (3), (4) ഉത്തരവുകൾക്ക് 01-10-2011 വരെ മാത്രമേ പ്രസക്തിയുള്ളു എന്ന് സൂചന (6) സർക്കാർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയുണ്ടായി. എന്നാൽ സൂചന (5) ലെ പാക്കേജ് ഉത്തരവും അനുബന്ധമായി നൽകിയ മറ്റ് ഉത്തരവുകളും സ്പഷ്ടീകരണങ്ങളും ബഹു. ഹൈക്കോടതി റദ്ദാക്കിയതിന്റെ പശ്ചാത്തലത്തിൽ ഇവയൊക്കെയും സൂചന (7) ഉത്തരവ് പ്രകാരം സർക്കാർ പിൻവലിച്ചു. അതോടെ സൂചന (5) ഉത്തരവ് പ്രകാരം 01-10-2011 വരെ മാത്രം പ്രസക്തിയുണ്ടായിരുന്ന സൂചന (1), (3), (4) സർക്കാർ ഉത്തരവുകൾക്ക് വീണ്ടും പ്രസക്തി കൈവന്നിരിക്കുകയാണ്. അതനുസരിച്ച്, 2006 – 07 മുതൽ അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങളെ കൂടാതെ, 2011-12 മുതൽ 28-01-2016 വരെ പാക്കേജ് ഉത്തരവിന്റെ കാലഘട്ടത്തിൽ അധിക തസ്തികകളിൽ നിയമിതരായവരും സൂചന (4) പ്രകാരമുള്ള ബോണ്ട് നിബന്ധനയുടെ പരിധിയിൽ വരും. 29-01-2016 മുതലുള്ള നിയമനങ്ങൾക്ക് സൂചന (8) പ്രകാരമുള്ള കെ.ഇ.ആർ ചട്ടങ്ങളാണ് ബാധകമാവുക. അതായത് 2006-07 മുതൽ 28-01-2016 വരെ അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങളെല്ലാം സൂചന (4) ഉത്തരവിന്റെ പരിധിയിൽ വരും.

2. ഈ സാഹചര്യത്തിൽ സൂചന (4) ഉത്തരവിലെ ബോണ്ട് നിബന്ധന പാലിക്കാത്തതിനാൽ അംഗീകാരം ലഭിക്കാതെ തുടരുന്നവരിൽ ചിലർ ഫയൽ ചെയ്തിട്ടുള്ള കോടതികേസുകളിൽ ഉണ്ടാകുന്ന വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1). മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി (deeming provision) ആനുകൂല്യങ്ങൾ നല്കാൻ കോടതി വിധിന്യായം പുറപ്പെടുവിച്ച കേസുകളിൽ, അതത് മാനേജ്മെന്റിന്റെ കാര്യത്തിൽ സ.ഉ (പി) നം.10/10/പൊവിവ പ്രകാരമുള്ള നിബന്ധന നിറവേറിക്കിട്ടി എന്ന രീതിയിൽ 2006-07 മുതൽ 28-01-2016 വരെ അധിക തസ്തികകളിൽ മാനേജർ നടത്തിയ നിയമനങ്ങൾക്ക് തത്തുല്യ എണ്ണം അതേ മാനേജ്മെന്റിൽ ഭാവിയിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളിലും നിയമിച്ചു കൊള്ളണമെന്ന വ്യവസ്ഥയോടെ നിയമന തീയതി മുതൽ അംഗീകാരം നല്കാവുന്നതാണ്. ഈ വ്യവസ്ഥ നിയനാംഗീകാരം നല്കുന്ന ഉത്തരവിൽ കോടതിയിലെ കേസ് നമ്പരും വിധിന്യായം പുറപ്പെടുവിച്ച തീയതിയും അടക്കം അതത് വിദ്യാഭ്യാസ ഓഫീസർ കർശനമായും ചേർത്തിരിക്കേണ്ടതാണ്.

2). ബന്ധപ്പെട്ട മാനേജർ ബോണ്ട് വച്ചിട്ടുണ്ട് എന്ന് കരുതാൻ ബഹു. കോടതി വ്യക്തമായി പറയാതെ "ബഹു. കോടതികൾ മുമ്പാകെ നേരത്തെ പരിഗണിച്ച തീരുമാനമെടുത്ത നിരവധി കേസുകളിൽ മാനേജർ ബോണ്ട് വച്ചിട്ടുണ്ട് എന്ന ധാരണയിൽ മുന്നോട്ടു പോകാൻ വിധികളുണ്ട്" എന്ന നിരീക്ഷണത്തോടെ വിധിയായിട്ടുള്ള കേസുകളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. കാരണം, ഒരു മാനേജർ ബോണ്ട് വച്ചിട്ടുണ്ടെങ്കിൽ അതേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള നിയമനങ്ങൾക്കു മാത്രമേ അത് ബാധകമാവുകയുള്ളൂ. സമാനത ബാധകമാക്കാൻ കഴിയില്ല. എന്നിരുന്നാലും, സർക്കാരിന്റെ താത്പര്യങ്ങൾ പ്രസ്തുത കോടതിവിധിയിലൂടെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉത്തമമായി ബോധ്യപ്പെടുന്നപക്ഷം മുകളിൽ ഒന്നാമത് ഭാഗത്ത് വിവരിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി അംഗീകാരം നല്കാവുന്നതാണ്. നിയമനാംഗീകാരം നല്കുന്ന ഉത്തരവിൽ അതത് വിദ്യാഭ്യാസ ഓഫീസർ ഈ വ്യവസ്ഥ കോടതിയിലെ കേസ് നമ്പരും വിധിന്യായം പുറപ്പെടുവിച്ച തീയതിയും അടക്കം കർശനമായും ചേർത്തിരിക്കേണ്ടതുമാണ്.

3). മെരിറ്റിലേക്ക് കടക്കാതെ കോടതിയിൽ ഫയൽ ചെയ്ത നിവേദനം സമയബന്ധിതമായി തീരുമാനമെടുക്കാൻ സർക്കാരിനോട്/വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിക്കുന്ന കേസുകളിൽ മാനേജർ 2006-07 മുതൽ 28-01-2016 വരെയുള്ള കാലയളവിൽ അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾക്കു തത്തുല്യം എണ്ണം ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരെ വച്ചു നികത്താമെന്ന ബോണ്ട് നിയമനാംഗീകാരം നല്കുന്ന വേളയിൽ വയ്ക്കുകയാണെങ്കിൽ മാത്രം അത്തരം നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിക്കാവുന്നതാണ്. എന്നാൽ, പ്രസ്തുത മാനേജർ സുപ്രീം കോടതി മുമ്പാകെ SLP ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടില്ല എന്നത് ഇപ്രകാരം ചെയ്യുന്നതിനുമുമ്പായി, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ചു ഉറപ്പുവരുത്തിയിരിക്കേണ്ടതാണ്. ഈ വ്യവസ്ഥയ്ക്ക് മാനേജർ തയ്യാറാകാത്ത കേസുകളിൽ, ബന്ധപ്പെട്ട വിധിന്യായത്തിൽ കോടതി സർക്കാരിന് അനുകൂലമായ യാതൊരു നിരീക്ഷണങ്ങളും നടത്തിയിട്ടില്ല എന്നതിനാൽ, സുപ്രീം കോടതി സ്റ്റേ നിലവിലുള്ള കാര്യം ചൂണ്ടിക്കാട്ടി, അത് നീങ്ങുന്നതു വരെ തീരുമാനം കൈക്കൊള്ളാനാകില്ല എന്ന നിലപാട് സ്വീകരിച്ച്, നിവേദനം തീർപ്പാക്കാവുന്നതാണ്.

4). മറ്റുതരത്തിൽ യാതൊരു പരാമർശവും നടത്താതെ നിയമനം റഗുലർ തസ്തികയിലായതിനാൽ നിയമനത്തീയതി മുതലുള്ള അംഗീകാരവും അതനുസരിച്ചുള്ള ശമ്പളാനുകൂല്യവും നല്കി ഉത്തരവാകാൻ നിർദ്ദേശിക്കുന്ന കേസുകളിൽ ടി മാനേജർ ബോണ്ട് വച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്. സമാന കേസുകൾ പരിഗണിക്കേണ്ടതില്ല. കോടതി സർക്കാരിന് അനുകൂലമായ യാതൊരു നിരീക്ഷണവും നടത്താത്തത് കൊണ്ടുതന്നെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

**നജീബ്. എച്ച്**

ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ